# ശുചിത്വ മിഷൻ

## ശുചിത പൂക്കളം 2025 മത്സരം

### സെപ്റ്റംബർ 1 മുതൽ സെപ്റ്റംബർ 7, 2025 വരെ

സമത്വം, ഐക്യം, പ്രകൃതിയോടുള്ള സമന്വയം എന്നിവയുടെ ആഘോഷമാണ് ഓണം. ഈ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ, മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ക്രിയാത്മക ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ശുചിത്വ മിഷൻ 'ശുചിത പൂക്കളം 2025' മത്സരം സംഘടിപ്പിക്കുന്നു.

**മത്സരത്തിന്റെ വിഷയം**

'മാലിന്യമുക്തം നവകേരളം' എന്നതാണ് പ്രധാന വിഷയം. മാലിന്യ സംസ്കരണം, തരംതിരിക്കൽ, മിലിന്യങ്ങളുടെ  അളവു കുറയ്ക്കൽ, പാഴ്‌വസ്തുക്കളുടെ പുനരുപയോഗം, പുനഃ ചംക്രമണം, ഹരിതകർമസേനയുടെ പ്രവർത്തനം, ദേശീയ ശുചിത്വ സർവേയിലെ കേരളത്തിന്റെ നേട്ടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ആശയങ്ങൾ പൂക്കളത്തിലൂടെ അവതരിപ്പിക്കണം.

**സമ്മാനങ്ങൾ**

ജില്ലാതലത്തിലെ ഒന്നാം സ്ഥാനക്കാർക്ക് അതത് ജില്ലാ മിഷൻ നൽകുന്ന ₹10,000 വീതം.

സംസ്ഥാനതല വിജയിക്ക്: സംസ്ഥാന ശുചിത്വ മിഷൻ നൽകുന്ന ₹25,000 ക്യാഷ് പ്രൈസ്.

**പൂക്കളം എങ്ങനെയായിരിക്കണം?**

പരിസ്ഥിതി സൗഹൃദം: പൂക്കളം നിർമ്മിക്കാൻ പൂക്കളും ഇലകളും പോലുള്ള പ്രകൃതിദത്ത വസ്തുക്കൾ മാത്രം ഉപയോഗിക്കുക. പ്ലാസ്റ്റിക്, രാസവസ്തുക്കൾ, കൃത്രിമ അലങ്കാരങ്ങൾ എന്നിവ ഒഴിവാക്കുക.

വൃത്തിയുള്ള രൂപകൽപ്പന: പൂക്കളത്തിലെ ഓരോ ഭാഗവും വൃത്തിയും വെടിപ്പും അച്ചടക്കവും പ്രതിഫലിക്കണം. വൃത്തിയിൽ നിന്നാണ് സൗന്ദര്യം ഉണ്ടാകുന്നത് എന്ന് ഈ പൂക്കളം കാണുമ്പോൾ തോന്നണം.

**മാർഗ്ഗനിർദ്ദേശങ്ങൾ**

മത്സരാർത്ഥികൾ ശുചിത്വ മിഷന്റെ ഔദ്യോഗിക സോഷ്യൽ മീഡിയ പേജുകൾ ( എഫ്.ബി., ഇൻസ്റ്റാഗ്രാം) ഫോളോ ചെയ്തിരിക്കണം.

ഒരു വ്യക്തിക്ക്/ഗ്രൂപ്പിന് ഒരു എൻട്രി മാത്രമേ അയയ്ക്കാൻ സാധിക്കൂ.

പൂക്കളത്തിന്റെ ഫോട്ടോ ഡോക്യുമെന്റായി അയയ്ക്കണം.

പൂക്കളം 'മാലിന്യമുക്ത കേരളം' എന്ന ആശയം വ്യക്തമായി പ്രതിനിധീകരിക്കണം.

വൈകി ലഭിക്കുന്ന എൻട്രികൾ പരിഗണിക്കില്ല.

ജില്ലാതലത്തിൽ, ജില്ലാ ശുചിത്വ മിഷൻ നിയോഗിക്കുന്ന 3 അംഗ ജഡ്ജിങ് സമിതിയായിരിക്കും എൻട്രികൾ വിലയിരുത്തുക. സംസ്ഥാനതലത്തിൽ, സംസ്ഥാന ശുചിത്വ മിഷൻ നിയോഗിക്കുന്ന 3 അംഗ ജഡ്ജിങ് കമ്മിറ്റി എൻട്രികൾ വിലയിരുത്തും.

ജഡ്ജിങ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

**എങ്ങനെ പങ്കെടുക്കാം?**

നിങ്ങളുടെ പൂക്കളം നിർമ്മിക്കുക.

പൂക്കളത്തിന്റെ വ്യക്തമായ ഒരു ഫോട്ടോയും, പൂക്കളത്തോടൊപ്പം നിർമ്മിച്ചവരുടെ ഒരു ഫോട്ടോയും എടുക്കുക.

നിങ്ങളുടെ സോഷ്യൽ മീഡിയയിൽ ഈ ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യുക.

നിങ്ങളുടെ ജില്ലാ ശുചിത്വ മിഷന്റെ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പേജുകൾ ടാഗ് ചെയ്യുക.

#suchitwapookkalam #Harithaonam #Suchitwamission എന്നീ ഹാഷ്ടാഗുകൾ ഉപയോഗിക്കുക. തുടർന്ന്,

ജില്ലയും, പങ്കെടുത്ത വ്യക്തിയുടെ/ഗ്രൂപ്പിന്റെ വിലാസവും രേഖപ്പെടുത്തി ചിത്രങ്ങൾ onampookalam2025@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കുക.

കായിക–കലാ ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ഹരിതകർമസേന കൺസോർഷ്യം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്കും ഗ്രൂപ്പുകളായി പേരിൽ പങ്കെടുക്കാം.

ജില്ലാ ശുചിത്വ മിഷനുകൾ വിജയികളെ തിരഞ്ഞെടുത്ത് onampookalam2025@gmail.com എന്ന ഇ–മെയിൽ വിലാസത്തിലേക്ക് അയയ്ക്കും.

സംസ്ഥാനതല മൂല്യനിർണ്ണയത്തിന് ശേഷം അന്തിമ വിജയിയെ പ്രഖ്യാപിക്കും.

എൻട്രികൾ അയയ്ക്കേണ്ട അവസാന തീയതി: സെപ്റ്റംബർ 7, 2025.

**മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ**

വിഷയവുമായി ബന്ധപ്പെട്ട പ്രസക്തി (30%)

മാലിന്യ സംസ്കരണം, മാലിന്യം കുറയ്ക്കൽ, പുനരുപയോഗം, ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, മാലിന്യമുക്ത കേരളം എന്നിങ്ങനെയുള്ള വിഷയങ്ങളെ പൂക്കളം എത്രത്തോളം കൃത്യമായി ദൃശ്യവത്കരിക്കുന്നു എന്നത്.

പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ ഉപയോഗം (25%)

പൂക്കളും ഇലകളും പോലുള്ള പ്രകൃതിദത്ത വസ്തുക്കൾ മാത്രം ഉപയോഗിക്കണം.

പ്ലാസ്റ്റിക്, രാസവസ്തുക്കൾ, മറ്റ് ദോഷകരമായ വസ്തുക്കൾ എന്നിവ ഉപയോഗിക്കരുത്.

നൂതന ആശയങ്ങളും മൗലികതയും (30%)

പൂക്കളത്തിന്റെ രൂപകൽപ്പനയിലെ നൂതന ആശയങ്ങൾ.

വിഷയം അവതരിപ്പിക്കുന്നതിലെ പുതുമ.

ദൃശ്യപരമായ ആകർഷണീയത (10%)

വൃത്തിയോടെയുള്ള ക്രമീകരണം, സമമിതി, ആകർഷണീയത.

കാണുന്നവരിൽ പ്രചോദനമുണ്ടാക്കാനുള്ള കഴിവ്.